കോളേജ് തുടങ്ങുന്നതിനാവശ്യമായ സർക്കാർ വക സ്ഥലം കളമശ്ശേരിയിൽ ലഭ്യമാക്കുന്നതിനുവേണ്ടി എറണാകുളം ജില്ലാ കളക്ടറുമായി കത്തിടപാട് നടത്തിക്കൊണ്ടിരിക്കുന്നു. മെഡിക്കൽ കോളേജിനാവശ്യമായ 60 ഏക്കർ സ്ഥലം കൊച്ചിയിൽ ലഭ്യമായിട്ടുണ്ട്. സ്ഥലത്തിന്റെ കോണ്ടൂർമാപ്പ് തയ്യാറാക്കുകയും ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(എഫ്&ജി) സഹകരണ അക്കാഡമിയുടെ ഭരണസമിതിയിൽ ഇരുപത്തി അഞ്ച് (25) അംഗങ്ങളുണ്ട്. താഴെപറയുന്നവരാണ് അംഗങ്ങൾ.

1. ചെയർമാൻ - സഹകരണവകുപ്പു മന്ത്രി
2. സഹകരണവകുപ്പു സെക്രട്ടറി - (എക്സ് ഒഫിഷ്യോ)
3. സഹകരണസംഘം രജിസ്ട്രാർ - ,,
4. മാനേജിംഗ് ഡയറക്ടർ - കേരള സംസ്ഥാന സഹകരണബാങ്ക് (എക്സ്-ഒഫിഷ്യോ)
5. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (എക്സ് ഒഫിഷ്യോ)
6. മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ (എക്സ് ഒഫിഷ്യോ)
7. സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ സാങ്കേതിക വിദ്യാഭ്യാസ വിദഗ്ധൻ (നോൺ ഒഫിഷ്യൽ മെംബർ)
8. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ മെഡിക്കൽ വിദ്യാഭ്യാസ വിദഗ്ദ്ധൻ (നോൺ ഒഫിഷ്യൽ മെംബർ)
9. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഈ മേഖലയിലുള്ള ഒരു വ്യവസായി
10. പ്രസിഡന്റ് കേരള സംസ്ഥാന സഹകരണബാങ്ക് - തിരുവനന്തപുരം
11. പതിനാല് ജില്ലാ സഹകരണബാങ്കുകളുടെ പ്രസിഡന്റുമാർ. 25 മെംബർ സെക്രട്ടറി - അക്കാഡമിയുടെ ഡയറക്ടർ (എക്സ് ഒഫിഷ്യോ) ഇവരിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, നാമനിർദ്ദേശം ചെയ്യപ്പെടുന്ന സാങ്കേതിക വിദ്യാഭ്യാസ വിദഗ്ധൻ, മെഡിക്കൽ വിദ്യാഭ്യാസ വിദഗ്ധൻ, അക്കാഡമി ഡയറക്ടർ എന്നിവർ വിദ്യാഭ്യാസ രംഗത്തുള്ളവരാണ്.

തിരുവനന്തപുരം സിറ്റി പോലീസ് സൊസൈറ്റി നൽകുന്ന ഗ്യാസ് കണക്ഷൻ

139 (1806) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി പോലീസ് സൊസൈറ്റി നമ്പർ ടി. 920 രണ്ട് സിലിണ്ടർ വീതമുള്ള ഗ്യാസ് കണക്ഷൻ നൽകികൊള്ളാമെന്ന് പറഞ്ഞത് പ്രസ്തുത സൊസൈറ്റി അംഗങ്ങളിൽനിന്നും 500 രൂപ വീതം 1999 മാർച്ച് മുതൽ പിരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര പേരിൽ നിന്നും ഒട്ടാകെ എന്തു തുക ഇപ്രകാരം ശേഖരിച്ചു ;

(സി) ഇതിൽ നിന്നും ഇതുവരെ എത്രപേർക്ക് ഗ്യാസ് കണക്ഷൻ നൽകുകയുണ്ടായി;

(ഡി) ഗ്യാസ് കണക്ഷൻ നൽകിയവർക്ക് എത്ര സിലിണ്ടർ വീതം കൊടുത്തു ;

(ഇ) ഇവർക്ക് രണ്ട് സിലിണ്ടർ വീതം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നുവോ ;

(എഫ്) എങ്കിൽ അതനുസരിച്ച് രണ്ട് സിലിണ്ടർ വീതം കൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) 5000 പേർക്ക് രണ്ട് സിലിണ്ടർ വീതമുള്ള ഗ്യാസ് കണക്ഷൻ നൽകുമെന്ന് 06-11-1999-ൽ സിറ്റി പോലീസ് സൊസൈറ്റി നമ്പർ ടി. 920 പ്രഖ്യാപിച്ചിരുന്നുവോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിരിച്ചിട്ടുണ്ട്.

(ബി) 2,735 പേരിൽ നിന്നും ഒട്ടാകെ 13,67,500/- രൂപ പിരിച്ചിട്ടുണ്ട്.

(സി) 1300 പേർക്ക് ഇതുവരെ ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) ഒരു സിലിണ്ടർ വീതം 1300 പേർക്ക് കൊടുത്തിട്ടുണ്ട്.

(ഇ) ഇല്ല എന്നാണ് റിപ്പോർട്ട്.

(എഫ്) ബാധകമല്ല.

(ജി) ഇപ്രകാരം സംഘം പ്രഖ്യാപിച്ചതായി റിപ്പോർട്ടില്ല.

സഹകരണസ്ഥാപനങ്ങളിൽ വനിതകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം

140 (1807) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഇല്ലാത്ത ഡയറക്ടർ ബോർഡുകൾ പ്രവർത്തിച്ചു വരുന്നതായി അറിവുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly